ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ (GCMA) പുതിയ ഭാരവാഹികൾ

ജിതേഷ് ചുങ്കത്ത്

അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളിലൊന്നായ ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (GCMA) അടുത്ത രണ്ടു വർഷത്തേക്കുള്ള (2026-2028) പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു. സന്തോഷ് നായർ പ്രസിഡണ്ട്, ജോർജ് നെല്ലാമറ്റത്തിൽ സെക്രട്ടറി, ജിജു സ്റ്റീഫൻ ട്രഷറർ, ഫിലിപ്പ് പൗവത്തിൽ, രൺജിത് ചെറുവള്ളിൽ, സുബാഷ് ജോർജ്, മാറ്റ് വിലങ്ങാട്ടുശേരി എന്നിവർ ജോയിന്റ് സെക്രട്ടറിമാരും എമ്മ കാട്ടൂക്കാരൻ ജോയിന്റ് ട്രഷററും ആയിരിക്കും.

ചിക്കാഗോയിൽ നവംബർ 15-ന് ചേർന്ന വാർഷിക പൊതുയോഗത്തിലാണ് 9 അംഗ എക്സിക്യൂട്ടീവ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. നിലവിലെ പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത് പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വൈസറി ബോർഡ് ചെയർമാൻ ടോമി മേതിപ്പാറ പുതിയ ഭാരവാഹികളുടെ പേരുകൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ഇവരെ കൂടാതെ സംഘടനയുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി (PRO) ജോൺ കൂളയെയും തെരഞ്ഞെടുത്തു. 38 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

അഡ്വൈസറി ബോർഡ് സ്ഥിരാംഗങ്ങളായ ജിതേഷ് ചുങ്കത്ത്, ടോമി മേതിപ്പാറ, സന്തോഷ് നായർ എന്നിവർക്കു പുറമെ ജോണിക്കുട്ടി പിള്ളവീട്ടിൽ, ഷിബു അഗസ്റ്റിൻ, രവീന്ദ്രൻ കുട്ടപ്പൻ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവരെ പുതിയ അഡ്വൈസറി ബോർഡ് അംഗങ്ങളായും തെരഞ്ഞെടുത്തു.

നേതൃനിരയിൽ വന്ന പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സന്തോഷ് നായർ ചിക്കാഗോ മലയാളി സമൂഹത്തിലും അമേരിക്കൻ മലയാളികൾക്കിടയിലും സുപരിചിതനായ പൊതുപ്രവർത്തകനാണ്. നിലവിൽ ഫൊക്കാനയുടെ (FOKANA) നാഷണൽ ജനറൽ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു വരുന്നു. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് നെല്ലാമറ്റത്തിൽ പ്രമുഖ വ്യവസായിയും സാമൂഹിക നേതാവുമാണ്. കെസിസിഎൻഎ (KCCNA) മുൻ നാഷണൽ പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ജിജു സ്റ്റീഫൻ മലയാളി സേവനരംഗത്ത് സജീവ സാന്നിദ്ധ്യമാണ്. അദ്ദേഹം IT മേഖലയിൽ ജോലി ചെയ്യുന്നു. വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട റോഷ്നി രാജ് IT എൻജിനീയറും NSS ചിക്കാഗോയുടെ സജീവ പ്രവർത്തകയുമാണ്. ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട രൺജിത് ചെറുവള്ളിൽ ഐടി മേഖലയിൽ ജോലി ചെയ്യുന്നു. സുബാഷ് ജോർജ് IT മേഖലയിൽ ജോലി ചെയ്യുന്നു. ഫോമാ അടക്കമുള്ള നിരവധി മലയാളി സംഘടനകളിൽ പ്രവൃത്തിപരിചയം.

ഫിലിപ് പൗവത്തിൽ ബിസിനസ് രംഗത്തും മാറ്റ് വിലങ്ങാട്ടുശേരി യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് MRI ഡിപ്പാർട്ടുമെന്റ് മാനേജരായി ജോലി ചെയ്യുന്നു. ജോയിന്റ് ട്രഷററായ എമ്മ കാട്ടൂക്കാരൻ യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസിൽ വിദ്യാർത്ഥിയും ചിക്കാഗോയിൽ അറിയപ്പെടുന്ന നർത്തകിയുമാണ്.


OFFICE BEARERS (2026-2028)



Santhosh Nair
(President)



George Nellamattathil
(Secretary)



Jiju Stephen
(Treasurer)



Roshni Raj
(Vice President)



Rengith S. Cheruvallil
(Joint Secretary)



Subash George
(Joint Secretary)



Philip Powathil
(Joint Secretary)



Mat Vilangattussery
(Joint Secretary)



Emma Kattookaran
(Joint Treasurer)